**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1992** | **16-03-2022 - ൽ മറുപടിയ്ക്ക്**

**സ്ഥാനക്കയറ്റ ഉത്തരവിന്റെ പ്രാബല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | null<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ സർവ്വീസിൽ ഒരു ഉദ്യോഗസ്ഥൻ സ്ഥാനക്കയറ്റ ഉത്തരവ് കൈപ്പറ്റിക്കഴിഞ്ഞാൽ എത്ര ദിവസത്തിനുള്ളിൽ സ്ഥാനക്കയറ്റം ലഭിച്ച തസ്തികയിൽ പ്രവേശിക്കണം എന്ന് വ്യക്തമാക്കുന്ന ഏതെങ്കിലും സർവ്വീസ് ചട്ടങ്ങളോ ഉത്തരവുകളോ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് നൽകാമോ; | (എ) | നിലവിലില്ല |
| (ബി) | മേൽ വിഷയത്തിൽ വ്യക്തമായ സർവീസ് ചട്ടങ്ങളോ ഉത്തരവുകളോ നിലവിലില്ലായെങ്കിൽ സ്ഥാനക്കയറ്റ ഉത്തരവ് കൈപ്പറ്റിയ ഒരു ഉദ്യോഗസ്ഥൻ അനിശ്ചിതമായ കാലയളവിൽ സ്ഥാനക്കയറ്റം ലഭിച്ച തസ്തികയിൽ പ്രവേശിക്കാതിരുന്നാൽ (റിലിങ്ക്യുഷ്മെന്റ് ഓഫ് റൈറ്റ്സും നൽകാതെ) പ്രസ്തുത സാഹചര്യത്തെ എപ്രകാരമാണ് കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ചുമതലയിൽ വ്യത്യാസമുള്ള തസ്തികകളിൽ സ്ഥാനക്കയറ്റം ലഭിക്കുന്ന തസ്തികയിൽ പ്രവേശിക്കുമ്പോൾ മാത്രമേ ടി തസ്തികയിലെ ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുകയുള്ളൂ. സർക്കാർ/ മേലധികാരിയുടെ ഉത്തരവ് പാലിക്കുന്നതിന് എല്ലാ സർക്കാർ ഉദ്യോഗസ്ഥരും ബാധ്യസ്ഥരാണ്. അപ്രകാരം ചെയ്യാത്തവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് വ്യവസ്ഥയുണ്ട്. കെ.എസ്.&എസ്.എസ്.ആർ. ലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) | ഈ വിഷയത്തിൽ സർവ്വീസ് ചട്ടങ്ങളിൽ [കെ.എസ്.&എസ്.എസ്.ആർ.] അവ്യക്തത ഉണ്ടെന്ന് ബോധ്യമാകുന്ന പക്ഷം ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ചുമതലയിൽ വ്യത്യാസമുള്ള തസ്തികകളിൽ സ്ഥാനക്കയറ്റം ലഭിക്കുന്ന തസ്തികയിൽ പ്രവേശിക്കുമ്പോൾ മാത്രമേ ടി തസ്തികയിലെ ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുകയുള്ളൂ. സർക്കാർ/ മേലധികാരിയുടെ ഉത്തരവ് പാലിക്കുന്നതിന് എല്ലാ സർക്കാർ ഉദ്യോഗസ്ഥരും ബാധ്യസ്ഥരാണ്. അപ്രകാരം ചെയ്യാത്തവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് വ്യവസ്ഥയുണ്ട്. കെ.എസ്.&എസ്.എസ്.ആർ. ലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ